41 (2419) മോഡൽ ഹൈസ്കൂളിൽ എൻ.സി.സി. യൂണിറ്റ്

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ പാലക്കുഴ ഗവൺമെന്റ് മോഡൽ ഹൈസ്കൂളിൽ ഇപ്പോൾ എൻ.സി.സി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത യൂണിറ്റ് എന്നു മുതലാണ് നിർത്തലാക്കിയത്;

(ബി) ഈ സ്കൂളിൽ എൻ.സി.സി. യൂണിറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഹെഡ്മാസ്റ്ററുടേയോ പി.ടി.എ.യുടേയോ അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പാലക്കുഴ ഗവൺമെന്റ് മോഡൽ ഹൈസ്കൂളിൽ ഇതുവരെ എൻ.സി.സി. യൂണിറ്റ് ആരംഭിച്ചില്ല. എന്നാൽ 1999-ൽ അവിടെ എൻ.സി.സി. യൂണിറ്റ് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ ആവശ്യം ഉന്നയിച്ച് സ്കൂൾ ഹെഡ്മാസ്റ്ററിൽ നിന്നും ലഭിച്ച അപേക്ഷ ഡൽഹിയിൽ എൻ.സി.സി. ഡയറക്ടർ ജനറലിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ടി സ്കൂളിൽ എൻ.സി.സി. പ്രവർത്തനം ആരംഭിക്കുന്നതാണ്.

42 (2420) പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ സർക്കാർ സ്കൂളുകൾ

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ എൽ.പി., യു.പി. ഹൈസ്കൂൾ വിഭാഗത്തിലായി എത്ര സർക്കാർ സ്കൂളുകൾ ഉണ്ട്;

(ബി) ഓരോ സ്കൂളുകളിലും എത്ര അദ്ധ്യാപകരുടെ തസ്തികകളാണുള്ളത്; നിലവിൽ എത്ര അദ്ധ്യാപകർ ഉണ്ട്; ഒഴിവുള്ള തസ്തികകൾ എത്ര;

(സി) ഒഴിവുള്ള തസ്തികകളിൽ എന്നത്തേയ്ക്ക് നിയമനം നടത്താൻ കഴിയും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

43 (2421) എസ്.എസ്.എൽ.സി. റാങ്ക് പരിഷ്ക്കരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയിൽ നിലവിലുള്ള റാങ്ക് സംപ്രദായം ഉടച്ചുവാർക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരകടലാസ്സിന്റെ പുനർമൂല്യനിർണ്ണയത്തിലൂടെ അഞ്ചിൽ താഴെ മാർക്ക് കൂടുതൽ കിട്ടിയാൽ

LIBRARY ARCHIVES Kerala Legislative Assembly

അതു പരീക്ഷാർത്ഥിക്ക് നൽകാത്ത സാഹചര്യത്തിൽ ഒരു മാർക്കിന്റെയും രണ്ട് മാർക്കിന്റെയും വ്യത്യാസത്തിൽ റാങ്ക് നിർണ്ണയിക്കുന്ന നിലവിലുള്ള സംപ്രദായം പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രാമങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം നടത്തുന്നത് ജി.ഒ.(എം.എസ്) 44/74 ജാ.എഡ്യൂക്കേഷൻ 27.2.1974 എന്ന ഉത്തരവിലെ നിബന്ധനകൾക്കനുസൃതമായിട്ടാണ് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥിയ്ക്ക് ഒന്നാം റാങ്കും അതിൽ താഴെ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് തുടർന്നുള്ള റാങ്കുകളും നൽകുന്ന നിലവിലുള്ള സംപ്രദായം പരിഷ്ക്കരിക്കേണ്ടതായി തോന്നുന്നില്ല.

(സി) ഉദ്ദേശമില്ല.

44 (2422) ഡി.പി.ഇ.പി. പ്രകാരമുള്ള സ്കൂളുകളിലെ പഠന നിലവാരം

ശ്രീ. പാലോട് രവി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം മുരളി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകളിൽ പ്രൈമറി തലം മുതൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകിവരുന്നുണ്ടോ;

(ബി) ഈ സൗകര്യം ഡി.പി.ഇ.പി. പാഠ്യപദ്ധതി പിന്തുടരുന്ന വിദ്യാലയങ്ങളിൽ ലഭ്യമാണോ;

(സി) അൺ എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെയും ഡി.പി.ഇ.പി. നിലവിലുള്ള പ്രൈമറി വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ സ്റ്റാന്റേർഡ്, എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസ് എന്നിവയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ഡി) ഇല്ലാത്ത പക്ഷം ഈ രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികളെപ്പറ്റി ഒരു പഠനം നടത്തുമോ;

(ഇ) അതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ഇ.പി. പദ്ധതി നിർത്തലാക്കാനോ അൺ എയിഡഡ്, റെക്കഗ്നൈസ് വിദ്യാലയങ്ങളിൽ ഈ വ്യവസ്ഥ പ്രകാരമുള്ള വിദ്യാഭ്യാസ പദ്ധതി ഏർപ്പെടുത്താനോ നടപടി സ്വീകരിക്കുമോ;

(എഫ്) ഇല്ലാത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly